59/DGE/HSE/NSS/2020

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവ്വീസ് സ്കീം
ഹയർ സെക്കണ്ടറി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം
25/06/2020

**<u>സർക്കുലർ</u>**

ജൂൺ 26 അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനമായി ആചരിക്കുകയാണല്ലോ. ഇതിന്റെ ഭാഗമായി വ്യത്യസ്ത പരിപാടികൾക്ക് എല്ലാ വർഷവും എൻ.എസ്.എസ് യൂണിറ്റുകൾ നേതൃത്വം നൽകാറുണ്ട്. COVID-19 ലോക് ഡൗൺ പശ്ചാത്തലത്തിൽ ലഹരി വിരുദ്ധ ദിനാചരണം യൂണിറ്റുകൾക്ക് സാധാരണ രീതിയിൽ സംഘടിപ്പിക്കുവാൻ പ്രയാസമാണ്. എന്നാൽ ലഹരി വിരുദ്ധ സന്ദേശം ഓൺ ലൈൻ മാദ്ധ്യമങ്ങളിലൂടെ മുഴുവൻ വോളന്റിയർമാരിലുമെത്തിക്കാൻ പ്രോഗ്രാം ഓഫീസർമാർ ശ്രദ്ധിക്കേണ്ടതാണ്. അന്നേ ദിവസം കുടുബാംഗങ്ങളോടു ചേർന്ന് ഓരോ വോളന്റിയർമാരും ലഹരി വിരുദ്ധ പ്രതിജ്ഞ എടുക്കേണ്ടതാണ്. ഇതു കൂടാതെ യൂണിറ്റുകൾക്ക് തനതായ പ്രവർത്തനങ്ങൾ COVID പ്രോട്ടോക്കോൾ കർശനമായി പാലിച്ച് നടപ്പിലാക്കാവുന്നതാണ്. പ്രവർത്തന വിവരങ്ങൾ വോളന്റിയർ ഡയറിയിൽ രേഖപ്പെടുത്തി പിന്നീട് പ്രോഗ്രാം ഓഫീസർമാർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ഒപ്പ്
ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ